## ബേർശേബാ ഗുഡ്  ലൈഫ് മിനിസ്ട്രിസ്സ്

പ്രകാശം തേടി ഉള്ള യാത്രയിലാണ്  ലോകം മുഴുവനും .സന്തോഷം, സമാധാനം എവിടെ ലഭിക്കും എന്ന് അറിയുവാൻ ലോകം ശ്രമിക്കുന്നു . മദ്യം, മയക്കുമരുന്ന്, സാമൂഹ്യ തിന്മകൾ ഒക്കെ വർദ്ധിക്കുന്നു. ഈ കാലത്ത് സമാധാനത്തിന്റെ സന്ദേശം ലോകത്തിനു മുൻപിൽ എത്തിക്കാൻ 2007 ൽ പ്രവർത്തനം ആരംഭിച്ച സംഘടന ആണ് ബേർശേബാ ഗുഡ്  ലൈഫ് മിനിസ്ട്രിസ്സ്. ക്രിസ്തുവിന്റെ സ്നേഹം ലോകത്തിനു മുൻപിൽ വരച്ചു കാണിക്കുവാൻ ഈ നാളുകളിൽ പ്രവർത്തിക്കുന്നു. സമൂഹത്തിൽ നടക്കുന്ന സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണ പരുപാടികൾ, സെമിനാറുകൾ, സാമൂഹ്യ പ്രവർത്തനങ്ങൾ, സുവിശേഷികരണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ യഥാർത്ഥ സ്നേഹം പകുവെക്കുവാൻ BGLM ഈ നാളിൽ ശ്രദ്ധിക്കുന്നു.

## യംഗ്സ്റ്റേഴ്സ് ഫെല്ലോഷിപ്പ് ഇൻഡ്യാ

2014 ൽ ബേർശേബാ ഗുഡ്  ലൈഫ് മിനിസ്ട്രിസ്സ് യുവജനങ്ങളുടെ ഇടയിൽ ദർശനവും കാഴ്ചപ്പാടും ഉള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ ഒരു കൂട്ടം യുവ സഹോദരന്മാരെ ചേർത്ത് നിർത്തി ആരംഭിച്ച യുവജന കൂട്ടായ്മ ആണ് യംഗ്സ്റ്റേഴ്സ് ഫെല്ലോഷിപ്പ് ഇൻഡ്യാ (വൈ.എഫ്.ഐ)

ദൈവീക വരദാനമായ കഴിവുകളും താലന്തുകളും വളർത്തുന്നതിനോടൊപ്പം ഭാവിയുടെ വാഗ്ദാനങ്ങളായ യുവജനങ്ങളിൽ സാമൂഹിക പ്രതിബദ്ധത ഉണർത്തുവാനും പ്രായോഗിക പ്രവർത്തനങ്ങളിലൂടെ അതിനു നിറം പകരുവാനും വൈ.എഫ്.ഐ ശ്രദ്ധിക്കുന്നു. ലോക ജനസംഖ്യയിൽ മുപ്പതു ശതമാനത്തോളം 18 വയസ്സിൽ താഴെ പ്രായമുള്ളവർ ആണ്. അവരുടെ ഇടയിൽ അതിശയിപ്പിക്കുന്നതും ആശങ്കപ്പെടുത്തുന്നതുമായ വലിയ മാറ്റങ്ങളാണ് ഓരോ ദിവസംതോറും സംഭവിക്കുന്നത്. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി ലക്ഷ്യം തെറ്റി അലയുന്ന യുവ തലമുറകളെ ക്രിസ്തുവിലുള്ള സ്നേഹം പകർന്നു നൽകി ക്രിസ്തിയ മൂല്യങ്ങളിൽ  അവരെ വളർത്തി നിത്യതക്കു അവകാശികളാക്കി തീർക്കുവാനും ക്രിസ്തിയ മൂല്യവും ദൈവിക ദർശനവും കാത്തു സൂക്ഷിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുവാനും. അവരെ ആത്മഭാരവും സമർപ്പണത്തോടും കൂടെ നിത്യതക്കായി ഒരുക്കുക എന്ന ലക്ഷ്യത്തോടെയും യംഗ്സ്റ്റേഴ്സ് ഫെല്ലോഷിപ്പ് ഇൻഡ്യാ. പ്രവർത്തിക്കുന്നു

## ആപ്തവാക്യം

ജ്വലിച്ച ആത്മാവിനെ പ്രകാശിപ്പിക്കുക ( To enlight ignited soul )

ദർശനവും കാഴ്ചപ്പാടും ഉള്ള യുവ സഹോദരി സഹോദരന്മാരെ ചേർത്ത് നിറുത്തി അവരുടെ സ്വപനങ്ങൾക്കും ദർശനങ്ങൾക്കും കാഴ്ചപ്പാടിനും ചിറകു മുളപ്പിക്കുവാൻ  ശ്രമിക്കുന്നു

## പ്രവർത്തനങ്ങൾ

വൈ.എഫ്.ഐ അടിസ്ഥാനപരമായി യുവജനങ്ങളുടെ കഴിവുകളെ വളർത്താൻ പ്രതിജ്ഞാബദ്ധമാണ്. യുവജനങ്ങളുടെ താലന്തുകൾ പ്രദർശിപ്പിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നു. പ്രവർത്തന മേഖലകളെ 2 വിഭാഗങ്ങളായി തിരിച്ചു ഈ നാളുകളിൽ  പ്രവർത്തിച്ചുവരുന്നു

1. **മിഷൻ ഡിപ്പാർട്മെന്റ്**
2. **സോഷ്യൽ വെൽഫെയർ ഡിപ്പാർട്മെന്റ്**

### ➢ മിഷൻ ഡിപ്പാർട്മെന്റ്

വൈ എഫ് ഐ  യുടെ  ആത്മീയ,സുവിശേഷ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുക എന്ന ഉത്തരവാദിത്തത്തോടെ ഈ വിഭാഗം പ്രവർത്തിക്കുന്നു .മിഷൻ ഡിപ്പാർട്മെന്റിന്റെ പ്രവർത്തന വിശാലതക്കായി ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു

- സ്പിരിച്വൽ ഡിപ്പാർട്മെൻറ്
  - സ്പിരിച്വൽ എംപവർ, മിഷൻ ചലഞ്ച്  സെമിനാറുകൾ

- ക്യാമ്പുകൾ - ഏകദിന, ദ്വിദന, സംസ്ഥാന ക്യാമ്പുകൾ.
- നേതൃത്വ പരിശീലന ക്യാമ്പുകൾ.
- പേഴ്സണൽ, പ്രീമാരിറ്റൽ, ഫാമിലി കൗൺസലിംഗ് പ്രോഗ്രാം

- ആർട്സ് ആൻഡ് ലിറ്ററേച്ചർ ഡിപ്പാർട്മെന്റ്
  - ക്വിസ് ഫെസ്റ്റ് /സാഹിത്യമത്സരങ്ങൾ: എല്ലാ വർഷവും കേന്ദ്ര ഓഫീസിന്റെ മേൽ നോട്ടത്തിൽ ജില്ലാ-സംസ്ഥാന തലങ്ങളിൽ കേന്ദ്രീകൃതമായി ക്വിസ് ഫെസ്റ്റ്/ സാഹിത്യമത്സരങ്ങൾ നടത്തുന്നതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതനുസരിച്ച് ക്വിസ് ഫെസ്റ്റിൽ/ സാഹിത്യമത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.
  - കുട്ടികളുടെ വിവിധ കഴിവുകൾ സാമൂഹ്യ നന്മക്കായി തീർക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക
  - കുട്ടികളെ വേദികളിൽ എത്തിക്കുന്ന മ്യൂസിക് ഫെസ്റ്റ്, - സംഗീത പരിപാടികൾ
- ചർച്ച് എന്റൈച്മെന്റ് പ്രോഗ്രാം
  - സുവിശേഷികരണ- ആത്മീയ പ്രവർത്തങ്ങളിൽ സഭകൾക്ക് സഹായ സഹകരണങ്ങൾ,മിനി കൺവെൻഷനുകൾ ,പരസ്യയോഗങ്ങൾ വൈ.എഫ്.ഐ നേതൃത്വത്തിൽ ചെയ്തു നൽകുന്നു
- ഇവാൻജെലിസം ഡിപ്പാർട്മെന്റ്
  - ജയിലുകൾ സന്ദർശിച്ചു സുവിശേഷീകരണം
  - മിഷൻ യാത്രകൾ - ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങൾ സന്ദർശിക്കുകയും സംഗീത ശുശ്രൂഷയോടു കൂടെ സുവിശേഷ പ്രവർത്തനം നടത്തുക.
  - വ്യക്തിഗത സുവിശേഷീകരണം
  - പരസ്യയോഗങ്ങൾ, മിനികൺവൻഷനുകൾ, ഫിലിം പ്രദർശനം
  - മ്യൂസിക് ടീം, മ്യൂസിക് ഫെസ്റ്റ്, - സംഗീത പ്രോഗ്രാമുകളിലൂടെ സുവിശേഷീകരണം

## ➢ **സോഷ്യൽ വെൽഫെയർ ഡിപ്പാർട്മെന്റ്**

വൈ എഫ് ഐ യുടെ സാമൂഹ്യപരമായ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുക എന്ന ഉത്തരവാദിത്തത്തോടെ ഈ വിഭാഗം പ്രവർത്തിക്കുന്നു . സോഷ്യൽ വെൽഫെയർ ഡിപ്പാർട്മെന്റിന്റെ പ്രവർത്തന വിശാലതക്കായി ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു

- ചാരിറ്റി ഡിപ്പാർട്മെൻറ്
  - അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, മാനസികാരോഗ്യ കേന്ദ്രനങ്ങൾ, കുഷ്ഠരോഗാശുപത്രികൾ, ക്ഷയരോഗാശുപത്രികൾ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും അവരെ സഹായിക്കുകയും ചെയ്യുക.
  - ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുക.
  - വിദ്യാഭ്യാസ സഹായം, പഠനോപകരണ വിതരണം.
- യൂത്ത് ഡിപ്പാർട്മെന്റ്
  - കോളേജുകളിൽ പ്രത്യേക പരിപാടികൾ.
  - മദ്യം,മയക്കുമരുന്ന്,പുകവലി,എയ്ഡ്സ്,ലൈംഗിക കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ റാലികൾ, സെമിനാറുകൾ.
  - വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ്, എക്സാം പ്രിപ്പറേഷൻ, സാമൂഹ്യ ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
  - യൂത്ത് ചർച്ചുകൾ
- കിഡ്സ് ഡിപ്പാർട്മെന്റ്
  - വി.ബി.എസ്. പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
  - സ്കൂൾകളിൽ പ്രത്യേക പരിപാടികൾ
  - മദ്യം,മയക്കുമരുന്ന്,പുകവലി,എയ്ഡ്സ്,ലൈംഗിക കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ റാലികൾ, സെമിനാറുകൾ

    - സാക്ഷരതാ പ്രവർത്തനങ്ങൾ.
    - വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ്, എക്സാം പ്രിപ്പറേഷൻ, സാമൂഹ്യ ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
    - കിഡ്സ് ക്ലബ്ബുകൾ
- ഹോസ്പിറ്റൽ ആൻഡ് സ്ട്രീറ്റ് മിനിസ്ട്രി
    - മെഡിക്കൽ ക്യാമ്പുകൾ, ശുചീകരണ പ്രവർത്തനങ്ങൾ, ജീവൻ രക്ഷാപ്രവർത്തനങ്ങൾ.
    - പൂർണ്ണസമയ രക്തദാന സംവിധാനം നടപ്പിലാക്കുന്നു
    - പ്രകൃതി ദുരന്തമേഖലകളിൽ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുക.
    - തെരുവോരങ്ങളിൽ അലയുന്നവർക് ആഹാരം നൽകുക
    - ഹോസ്പിറ്റലുകളിലും,തെരുവോരങ്ങളിലും ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾ പ്രായമായ മാതാപിതാക്കൾ അവരെ സുരക്ഷിതരായ ഇടങ്ങളിൽ എത്തിക്കുക

➢ **<u>പൊതു പ്രവർത്തനങ്ങൾ</u>**

- സ്പിരിച്ചൽ ഗാർഡൻ
    - മദ്യം മയക്കുമരുന്ന് എന്നി സാമൂഹ്യ തിന്മകൾക്ക് അടിമകൾ ആയി അതിൽ നിന്ന് ഒരു വിടുതൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർക്കും, വിഷാദ രോഗങ്ങൾക്കു അടിമകൾ ആയി അതിൽ നിന്ന് വിടുതൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർക്കുമായി ആരംഭിച്ച ഒന്നാണ് സ്പിരിച്ചൽ ഗാർഡൻ. മെന്ററിംഗ്,കൗൺസിലിങ് എന്നിവയിലൂടെയും പ്രാർത്ഥന ജീവിതത്തിലൂടെയും ജീവിതത്തിൽ പുതിയ ഒരു ലോകം സൃഷ്ടിച്ചു നൽകുക എന്നതാണ് ലക്ഷ്യം. ഏത് നിമിഷവും പ്രാർത്ഥനക്കായി തുറന്നിരിക്കുന്ന പ്രയർ ടവർ, വചനം ധ്യാനത്തിനായി മെഡിറ്റേഷൻ ടവർ എന്നിവ സ്പിരിച്ചൽ ഗാർഡൻ പ്രേത്യേകതകൾ ആണ്
- ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്
    - ബേർശേബാ ബൈബിൾ കോളേജ്.
        - ദൈവവചനം കൂടുതൽ ആയി അറിയാനും പഠിക്കാനും താല്പര്യം ഉള്ള സഹോദരി സഹോദരന്മാർക്കായി തുടക്കം കുറിച്ച ഒന്നാണ് ബേർശേബാ ബൈബിൾ കോളേജ്. ദൈവവചനം വിദ്യാർത്ഥികളുടെ ഹൃദയത്തിൽ ആഴമായി പതിയ തക്ക രീതിയിൽ ഉള്ള സിലബസ്, അനുഗ്രഹിക്കപ്പെട്ട അധ്യാപകർ, മികച്ച പഠനരീതികൾ ബേർശേബാ ബൈബിൾ കോളേജിന്റെ പ്രത്യേകതകൾ ആണ് വിവിധ കോഴ്സുകൾ ബേർശേബാ ബൈബിൾ കോളേജ് ന്റെ നേതൃത്വത്തിൽ ചെയ്യ്തു വരുന്നു
            - ജൂനിയർ ബൈബിൾ സ്കോളർ പ്രോഗ്രാം
            - സർട്ടിഫിക്കറ്റ് ഇൻ മെന്ററിങ്
            - സർട്ടിഫിക്കറ്റ് ഇൻ ചിൽഡ്രൻ മിനിസ്ട്രി
    - ബേർശേബാ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്
        - സമൂഹത്തിൽ ഓരോ ദിവസവും വിഷാദരോഗികളുടെ എണ്ണം വർദ്ധിച്ചു കൊിരിക്കുന്നു ഈ സമയത്തു നല്ല ആരോഗ്യം ഉള്ള യുവ തലമുറയെ വാർത്തെടുക്കുവാൻ പ്രവർത്തനം ആരംഭിച്ച ഒന്നാണ് *ബേർശേബാ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് . നല്ല കൗൺസിലേഴ്സ് ,മോട്ടിവേഷണൽ ട്രെയിനറുമാർ സാമൂഹ്യ കടപ്പാട് ഉള്ള യുവജന സാമൂഹിക പ്രവർത്തകർ എന്നിവരെ സൃഷ്ടിക്കുക എന്നതാണ് ബേർശേബാ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ന്റെ ലക്ഷ്യം. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സഹോദരിമാർക്കായി മേശഹ്യ്യ്ശിഴ പരിശീലനം എന്നിവ ചെയ്യ്തു വരുന്നു
    - ലൈവ് ടെലികാസ്റ്റിംഗ് ടീം/ മീഡിയ
        - ആത്മീയപരിപാടികൾ,പ്രഭാഷണങ്ങൾ,ഗാനങ്ങൾ, കുട്ടികൾക്കായിട്ടുള്ള പരിപാടികൾ എന്നിവ നവ മാധ്യമങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്നു